പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4311 21.07.2015 - ൽ മറുപടിയ്ക്ക്

## മുതിർന്ന പൗരൻമാരുടെ ആവശ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി.രവീന്ദ്രനാഥ് | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മുതിർന്ന പൗരൻമാരുടെ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിലേയ്ക്കായി റഗുലേറ്ററി ബോർഡ് രൂപീകരിക്കുന്നതിനായി റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ എന്ന് വിശദമാക്കാമോ ; | (എ) | റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ബി) | റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഏതെങ്കിലും സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (ബി) യും (സി) യും | മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലേയ്ക്കായി ഒരു പ്രത്യേക റഗുലേറ്ററി ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന്റെ പദവിയോടെ ശ്രീ.വി.കെ.ബീരാനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ ഏത് സ്ഥാപനത്തിനാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ; | | |
| (ഡി) | നിലവിൽ എന്തൊക്കെ അവകാശങ്ങളാണ് മുതിർന്ന പൗരൻമാർക്ക് ഉള്ളതെന്ന് വിശദമാക്കാമോ ? | (ഡി) | 60 വയസ്സിന് മേൽ പ്രായമുള്ള എല്ലാവരുടെയും താൽപര്യ സംരക്ഷണം സമൂഹത്തിന്റെ ചുമതലയായി കണ്ട് അവർക്ക് അർഹമായ സ്നേഹവും, ബഹുമാനവും നൽകി, അവരുടെ ആരോഗ്യ, സാമ്പത്തിക, സാമൂഹ്യ ഉന്നമനം ലക്ഷ്യമാക്കി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത് സർക്കാർ കടമയായി കാണുന്നു. ഈ പ്രവർത്തനങ്ങൾക്ക് ഒരു നയരേഖയെന്ന നിലയിൽ വയോജനനയം 2006 പരിഷ്കരിച്ച് മുതിർന്ന പൗരന്മാരുടെ സംസ്ഥാന നയം 2013 പുറത്തിറക്കിയിട്ടുണ്ട്. പ്രസ്തുത നയപ്രകാരം സമൂഹത്തിൽ മാന്യമായി ജീവിക്കാനുള്ള അവകാശം ഏതൊരു മുതിർന്ന പൗരനും |

| | | | |
|---|---|---|---|
| | | | ഉണ്ട്. സംരക്ഷണം, പെൻഷൻ, ആരോഗ്യ സംരക്ഷണം ജീവനാംശം ലഭിക്കുന്നതിനുള്ള അവകാശം, സ്വത്തിനും ജീവനും സംരക്ഷണം ലഭിക്കുന്നതിനുള്ള അവകാശം എന്നിവ മുതിർന്ന പൗരന്മാരുടെ അവകാശങ്ങളിൽ ഉൾപ്പെടുന്നവയാണ്. |

സെക്ഷൻ ഓഫീസർ